പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4969 — 14.11.2019 -ൽ മറുപടിയ്ക്ക്

# കയ്പമംഗലം മണ്ഡലത്തിൽ മതിലകത്ത് റവന്യൂ ടവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ : | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ 2016-17 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മതിലകത്തെ പുതിയ റവന്യൂ ടവറിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; റവന്യൂ ടവർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;<br><br>(ബി) റവന്യൂ ടവറിന്റെ നിർമ്മാണം സംബന്ധിച്ച ഫയൽ ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലുമായി പ്രഖ്യാപിച്ച പദ്ധതികളിൽ ഒന്നാണ് തൃശ്ശൂർ ജില്ലയിലെ മതിലകം റവന്യൂ ടവർ പദ്ധതി. 16-11-2016-ൽ ടി പദ്ധതി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ച് ഭവന നിർമ്മാണ വകുപ്പ് ഉത്തരവായെങ്കിലും കിഫ്ബി പദ്ധതി പ്രകാരമുള്ള റവന്യൂ ടവർ നിർമ്മാണം സംബന്ധിച്ച വിഷയം റവന്യൂ വകുപ്പ് തന്നെ കൈകാര്യം ചെയ്യണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ വകുപ്പിന്റെ പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും തുടർന്ന് റവന്യൂ വകുപ്പ് 31-8-2018-ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയമിക്കുകയുണ്ടായി. മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊടുങ്ങല്ലൂർ താലൂക്കിലെ പാപ്പിനിവട്ടം വില്ലേജ് സർവ്വേ 63/10(എ)യിൽപ്പെട്ട 32 സെന്റ് ഭൂമിയാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിച്ചിരുന്നത്. എന്നാൽ അവിടേക്കുള്ള പാത ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് |

കെട്ടിടങ്ങൾക്കിടയിലൂടെ 3.5 മീറ്റർ വീതി മാത്രമുള്ളതും മറ്റു പല അസൗകര്യങ്ങളുള്ളതും ആയതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം അനുവദിച്ചു നൽകണമെന്ന് ബോർഡ് അഭ്യർത്ഥിക്കുകയും അതിൻ പ്രകാരം കുളിമുട്ടം വില്ലേജിൽ സർവ്വേ 230/1 എ 6-ൽപ്പെട്ട 0.1214 ഹെക്ടർ ഭൂമി പദ്ധതിക്കായി തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഭൂമി കൈമാറ്റം ചെയ്തു ലഭ്യമായാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**